ഞാൻ അദ്ദേഹത്തോട് തോൽക്കുകയും ചെയ്യുന്നു. സാധാരണ ഒരു പ്രമേയം തൃശ്ശൂർ മെമ്പർ എതിർത്താൽ അതു് ആവശ്യമുള്ള നല്ല നിശ്ചയമാണെന്നു തീർച്ചയായും ഊഹിക്കാം. അങ്ങിനെയുള്ള ഒരു സ്വഭാവമാണ് അദ്ദേഹത്തിനുള്ളതു്. റോഡ് എടുക്കയാണെങ്കിൽ യാതൊരു ഉപദ്രവവും ഉണ്ടാകയില്ല. ഗവൺമെൻറിനേറയും മഹാരാജാവു തിരുമനസ്സിലേയും നിയമങ്ങൾ അനുസരിച്ചു ജീവിക്കുന്ന ജനങ്ങളോട് എന്തു ചെയ്താലും, അവരാരും ബഹളം കൂട്ടുകയില്ല. പിന്നെ ഒണ്ടാകും, അതു നിശ്ചയമാണ്. അനേകലക്ഷം ജനങ്ങളുടെ ഉള്ളിൽ വെറുപ്പും അവജ്ഞയും സങ്കടവും ഉണ്ടാകും. വേറെ ഒരാപത്തും ഉണ്ടാകയില്ല. ഇങ്ങിനെയുള്ള സങ്കടവും അവജ്ഞയും വെറുപ്പും നിരപരാധികളും നിയമാനുസാരികളും രാജഭക്തന്മാരുമായ ഒരു വലിയ ജനവിഭാഗത്തിന്നിടക്ക് ഉണ്ടാക്കുന്നതു് ബുദ്ധിപൂർവ്വകമാണോ?

ഇനി മതത്തിന്റെ കാര്യത്തിൽ ചിലതു പറയാം. തന്ത്രവും പൂജയും മറ്റും ഇപ്പോൾ ഇവിടെ പറഞ്ഞവക്കു മാത്രമുള്ളതാണോ? മഹാത്മാഗാന്ധി തന്നെ ഹിന്ദുമതം രക്ഷിക്കണമെന്നു് ആഗ്രഹമുള്ള ആളല്ലേ? മാളവ്യജിക്കും അതിന്നു് ആഗ്രഹമില്ലേ? ഹിന്ദുമഹാസഭയിലെ പ്രമാണികൾക്കും ഹിന്ദുമതം രക്ഷിക്കണമെന്ന മോഹമില്ലേ? അവരൊക്കെ ഇപ്പോൾ ക്ഷേത്രപ്രവേശനത്തിനുകൂടി അനുകൂലികളാണ്. കുറെ ആളുകൾ ആ റോഡിൽക്കൂടി പോയി എന്നുവന്നാൽ ദൈവവും തന്ത്രവും മന്ത്രവും എവിടെ പോകുമെന്നാണു് ഞാൻ ചോദിക്കുന്നതു്. അങ്ങിനെയാണെങ്കിൽ, അതു പുറത്തെടുക്കുവാൻ കൊള്ളാത്ത ചരക്കാണു്. ഹിന്ദുമതത്തേയും തൃശ്ശൂരിലെ ജാതിഹിന്തുക്കളുടെ ആത്മാഭിമാനത്തേയും രക്ഷിക്കുവാൻവേണ്ടിത്തന്നെ ഗവൺമെണ്ടു് ഈ നിശ്ചയം സ്വീകരിക്കണമെന്നാണു് ഞാൻ പറയുന്നതു്".

*Motion was, with leave, withdrawn.*

## 20. Expiry of the period of nominated or by-elected Panchayat Members.

*The following Resolution standing in the name of Mr. P. Kumaran Ezhuthassan was considered withdrawn as the member was absent.*

*"This Council recommends to the Government that by-elections and nomination necessitated during the life time of any one Panchayat may be made, so that the period of such elected or nominated member may cease with the life of the Panchayat".*

## 21. Kizhakkumpattukara Municipal Tank.

**Mr. K. Ayyappan.**—*"This Council recommends to the Government not to accede to the move to reserve the Municipal*

LIBRARY ARCHIVES Kerala Legislative Assembly

*Tank of Kizhakkumpattukara, in the Trichur Municipality, to the caste Hindus".*

സർ, ഇതു് ഒരു കഴപ്പുമുള്ളനിശ്ചയമാണു്. അതുകൊണ്ടു് ഈ നിശ്ചയം അവതരിപ്പിക്കുന്നതിനു മുമ്പു് കുറെ വിവരങ്ങൾ എനിക്കു ഗവൺമെൻറിൽനിന്നും അറിയുവാനുണ്ടു്. ഗവൺമെൻറു് ഇതു് ഒരു പബ്ലിക്കു കുളമായിട്ടാണോ ഉപയോഗിപ്പാൻ അനുവദിച്ചിട്ടുള്ളതു്?

**Rama Varmha Tampuran.**—There have been more than one resolution on the subject. This again is a question under investigation.

**Mr. K. Ayyappan.**—Wis the proposal for a public tank?

**Rama Varmha Tampuran.**—From the papers in my possession I can't say anything defenite in the point. The discussion will be continued tomorrow and then I will give more details. As it is a very controversial question I should be very guarded in the statements I make on the point.

**Mr. Joseph Pettah.**—Then we will adjourn.

**Rama Varmha Tampuran.**—He can begin the speech to-day.

മിസ്റ്റർ കെ. അയ്യപ്പൻ.—സർ, എൻറെ അറിവിൽ കിഴക്കുംപാട്ടുകരക്കുളം ഒരു പൊതുക്കുളമായിട്ടു കുഴിക്കുവാനുള്ള പ്രസ്താവനയായിരുന്ന ആദ്യമായി ഉണ്ടായിരുന്നതു്. ഇപ്പോൾ അതു് പ്രത്യേകം ചില സമുദായക്കാർക്കു മാത്രമായിട്ടു കൊടുക്കുവാൻ നിശ്ചയിച്ചിട്ടുള്ളതായി അറിയുന്നു. ആ സമുദായക്കാരിൽനിന്നതന്നെ ഇങ്ങിനെ പ്രത്യേകമായി ഒരു കുളം തങ്ങൾക്കാവശ്യമില്ലെന്നുള്ള ഒരഭിപ്രായവും പുറപ്പെട്ടിട്ടുണ്ടെന്നു് അറിയുന്നു. തൃശ്ശൂരിൽ പല കുളങ്ങളുമുണ്ടു്. ജാതി ഹിന്ദുക്കൾക്കു മാത്രമായി വച്ചിട്ടുള്ള കുളങ്ങളും ധാരാളമുണ്ടു്. ആ കുളങ്ങൾ ഏതെങ്കിലും എല്ലാവർക്കും തുറന്നുകൊടുക്കണമെന്ന റസല്യൂഷൻ ഞാൻ ഇവിടെ കൊണ്ടുവന്നിട്ടില്ല. പുതുതായി കുഴിക്കുന്ന കുളങ്ങൾക്കും പഴയസമ്പ്രദായം വരാതെ സൂക്ഷിക്കണമെന്നാണാവശ്യപ്പെട്ടതു്.

കിഴക്കുമ്പാട്ടുകരക്കുളം അവിടെയുള്ള എല്ലാ സമുദായക്കാർക്കും പൊതുവായി ഉപയോഗിക്കത്തക്കവണ്ണം തുറന്നുകൊടുക്കുന്നതുകൊണ്ടു യാതൊരു വിരോധവുമില്ലെന്നാണു നങ്ങൾ പറയുന്നതു്. എന്നാൽ അതിനിടക്കു് എന്തോ ചില വിഷമങ്ങളൊക്കെയുള്ളതായി അറിയുന്നു. ആ വിഷമങ്ങൾ എന്തുതന്നെയായാലും ഈ കുളം ഒരു പ്രത്യേക ജാതിക്കായി അനുവദിക്കരുതു് എന്നാണു് എനിക്കു ഗവൺമെൻറിനോടു പേക്ഷിക്കുവാനുള്ളതു്. ഇതിനെ സംബന്ധിച്ചുള്ള ബാക്കി സംഗതികൾ എൻറെ മറുപടി പ്രസംഗത്തിൽ പറഞ്ഞുകൊള്ളാം.

LIBRARY ARCHIVES Kerala Legislative Assembly

**Mr. George Chakyamuri.**—I second it.

**Rama Varmha Tampuran.**—This is a question under correspondence with the Municipality. Just before the Diwan left on tour for Delhi, a deputation waited on him and they urged certain points in their favour. We have collected all the relevant information. Unfortunately that detailed file is not here now. It is in the office. Before the discussion is continued tomorrow I shall get it. But I may tell the House that the question is only under consideration. And most probably the Diwan will be hearing the parties tomorrow and the question will be then finally decided. That is how the question now stands.

*The House rose for the day at 5 p. m.*

C. J. MATHEW,

*Secretary to the Council.*

LIBRARY ARCHIVES Kerala Legislative Assembly